# ദേശീയ ശിൽപശാല നടത്തി




**നാഷ്ണൽ വർക്ക്ഷോപ്പിന്റെ ഉദ്ഘാടനം സർവ്വകലാശാല ആസൂത്രണ വിഭാഗം മേധാവിയും സർവ്വകലാശാല ജനറൽ കൌൺസിൽ അംഗവു മായ ഡോ. ടി. പ്രദീപ് കുമാർ നിർവ്വഹിക്കുന്നു.**

മണ്ണുത്തി: കേരള കാർഷിക സർവ്വകലാശാല, 'പ്രബന്ധ പ്രസിദ്ധീകരണം, രചനാ മോഷണം-ശുദ്ധി പരിശോധന' എന്ന വിഷയത്തിൽ വെള്ളാനിക്കരയിലെ സർവ്വകലാശാല കേന്ദ്ര ലൈബ്രറിയിൽ നടത്തിയ ദേശീയ ശിൽപശാല കേരള കാർഷിക സർവ്വകലാശാല ആസൂത്രണ വിഭാഗം മേധാവിയും സർവ്വകലാശാല ജനറൽ കൗൺസിൽ അംഗവു മായ ഡോ. ടി. പ്രദീപ് കുമാർ ഉൽഘാടനം ചെയ്തു. സർവകലാശാല ലൈബ്രറി വിഭാഗം മേധാവി ഡോ. എ. റ്റി. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ഗവേഷണ വിഭാഗം മേധാവി ഡോ. പി. ഇന്ദിര ദേവി മുഖ്യ പ്രഭാഷണം നടത്തി. കോർഡിനേറ്റർ ഡോ. എൻ. ബി. നിഷ, കെ. വി. അൽഫോൺസ എന്നിവർ സംസാരിച്ചു.ആന്ധ്ര പ്രദേശ് ശ്രീ വെങ്കിട്ടേശ്വര വെറ്റിനറി സർവ്വകലാശാല പ്രൊഫസ്സരും ലൈബ്രേറിയനും ആയ ഡോ. കെ. എസ്. ആർ. വിത്തൽ, കോട്ടയം സെൻറ് സ്റ്റീഫൻസ് കോളേജ് ലൈബ്രേറിയൻ എസ്. ജസ്സിമുദ്ദീൻ, ഹോർട്ടികൾച്ചർ കോളേജ് അസോസിയേറ്റ് ഡീൻ ഡോ. ജോർജ്ജ് തോമസ്, സെൻറ്. തോമസ് കോളേജ് ലൈബ്രേറിയൻ സാൻജോ ജോസ്, കേന്ദ്ര ലൈബ്രറിയിലെ ഡോ. എ. റ്റി. ഫ്രാൻസിസ്, ഡോ. എൻ. ബി. നിഷ, കെ. വി. അൽഫോൺസ, തവനൂർ കാർഷിക എൻജിനിയറിങ് കോളേജ് ലൈബ്രേറിയൻ ഡോ. വി എസ് സ്വപ്ന എന്നിവർ ക്ലാസ്സുകൾ എടുത്തു.

Janayugom 20.12.17